**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3676 — 14.03.2017 ൽ മറുപടി പറയേണ്ടിയിരുന്നത്

## ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് പെൻഷൻ

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏതെങ്കിലും രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്ക് പെൻഷൻ നൽകി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രോഗങ്ങൾ ബാധിച്ചിട്ടുള്ളവർക്കാണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്, കുഷ്ഠരോഗബാധിതർക്കും ക്യാൻസർ രോഗബാധിതർക്കും നോൺപ്ലാൻഫണ്ട് വഴി ചികിത്സാ സൗകര്യം നൽകി വരുന്നുണ്ട്. 2016-17 വർഷത്തിൽ ടി സാമ്പത്തിക സഹായം ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആർക്കും നൽകിയിട്ടില്ല. കൂടാതെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണസൊസൈറ്റി സംസ്ഥാനത്തെ എ.ആർ.ടി കേന്ദ്രങ്ങളിൽ (ഉഷസ്സ്) ചികിത്സയ്ക്കെത്തുന്ന എച്ച്.ഐ.വി അണുബാധിതർക്ക് ധന സഹായം നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻ സംബന്ധിച്ച മാനദണ്ഡങ്ങളും എത്ര തുകയാണ് പ്രതിമാസം നൽകുന്നതെന്നും ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രതിവർഷം ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ള കുഷ്ഠരോഗബാധിതർക്ക് അവർ ചികിത്സയെടുക്കുന്ന കാലയളവിൽ പ്രതിമാസം 1000 രൂപ നിരക്കിൽ ചികിത്സാ സഹായം നൽകി വരുന്നുണ്ട്.<br>സംസ്ഥാനത്തെ എ.അർ.ടി (Anti Retroviral Treatment) കേന്ദ്രങ്ങളിൽ (ഉഷസ്) ചികിത്സക്കെത്തി രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കുന്ന എച്ച്.ഐ.വി ബാധിതർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം (പെൻഷൻ) നൽകി വരുന്നുണ്ട്.<br>പ്രതിവർഷം 1,00,000 രൂപയിൽ കുറവ് വരുമാനമുള്ള ക്യാൻസർ രോഗം ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖാന്തിരം പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഹീമോഫീലിയ രോഗം ബാധിച്ചവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത രോഗികൾക്ക് ഏതൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ; | (സി) | ഹീമോഫീലിയ രോഗത്തിന്റെ ചികിത്സക്കായി ജില്ലാ ആശുപത്രി, ആലുവയിൽ നൂതന സാങ്കേതിക വിദ്യ സജ്ജമാക്കിയ സർക്കാർ മേഖലയിലെ ഏക ഹീമോഫീലിയ ചികിത്സാകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇവിടെ അതിനൂതനപരിശോധനാ ഉപകരണങ്ങൾ ഈ രോഗത്തിന്റെ നിർണ്ണയത്തിനും പരിശോധനയ്ക്കും സജ്ജമാക്കിയിട്ടുണ്ട്. (Full Coaglation Workshop, inhibitor Screening and assay, TTI) ഈ സെന്ററിൽ പ്രത്യേകം പരിശീലനം ലഭിച്ച ഫിസിയോതെറാപ്പിസ്റ്റ്, മെഡിക്കൽ സോഷ്യൽ വർക്കർ എന്നിവരുടെ സേവനം ലഭ്യമാണ്. ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിന്റേയും കൊച്ചി അമൃതാ ആശുപത്രിയുടെയും സഹകരണത്തോടെ ബോധവത്കരണക്ലാസ്സുകൾ നടത്തി വരുന്നു. എല്ലാ സേവനങ്ങളും സൗജന്യമായാണ് ഇവിടെ നൽകി വരുന്നത്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗത്തിന് ചികിൽസ നൽകുന്നുണ്ട്. ഹീമോഫീലിയ ബാധിച്ചവർക്ക് രക്തസ്രാവം ഉണ്ടാകുമ്പോൾ Factor VIII/IX സൗജന്യമായി നൽകുന്നുണ്ട്. കൂടുതൽ സീരിയസ് ആയ രോഗികളെ അഡ്മിറ്റ് ചെയ്ത് comprehensive care കൊടുക്കുന്നുണ്ട്. പക്ഷേ ഹീമോഫീലിയ രോഗികൾക്ക് മാത്രമായി ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററുകൾ മെഡിക്കൽ കോളേജുകളിൽ നിലവിൽ ഇല്ല. |
| (ഡി) | ഹീമോഫീലിയ രോഗം ബാധിച്ചവർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഇതു സംബന്ധിച്ച അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ